## പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 109 | 28.11.2018-ൽ മറുപടിക്ക് |
|---|---|

**ആഭ്യന്തര വകുപ്പിൽ നടപ്പിലാക്കിയ പുതിയ പരിഷ്കാരങ്ങൾ**

| | ചോദ്യം<br>ശ്രീ. ടി. വി. ഇബ്രാഹിം | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | ഈ സർക്കാർ വന്നതിനുശേഷം ആഭ്യന്തര വകുപ്പിൽ നടപ്പിലാക്കിയ പുതിയ പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തരവകുപ്പിന് കീഴിലെ പോലീസ് വകുപ്പ്, ജയിൽ വകുപ്പ്, ഫയർ & റസ്ക്യൂ സർവ്വീസ്സസ് എന്നിവിടങ്ങളിൽ ഒട്ടനവധി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പോലീസ് സേനയെ കുറ്റമറ്റതാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

*അനുബന്ധം*

## 1. പോലീസ്

പോലീസ് സേനയുടെ ആധുനികവൽക്കരണവും ശാക്തീകരണവും ഈ സർക്കാരിന്റെ പ്രഖ്യാപിത നയം ആണ്. 2016-17 സാമ്പത്തിക വർഷത്തിൽ 45 കോടി രൂപയും, 2017-18 സാമ്പത്തിക വർഷത്തിൽ 53 കോടി രൂപയും പോലീസ് വകുപ്പിന്റെ ആധുനിക വൽക്കരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിരുന്നു. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ ഇത് 170 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സംസ്ഥാന പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

**വിവിധ സേവനങ്ങൾക്കായി മൊബൈൽ ആപ്ലിക്കേഷനുകൾ**

കേരളാ പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്ററി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്, Know Your Jurisdiction, THUNA തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ തയ്യാറാക്കി പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ട്.

**സ്ത്രീ സുരക്ഷ**

സ്ത്രീകൾക്കെതിരെ കുറ്റകൃത്യങ്ങൾ തടയുവാൻ പിങ്ക് പട്രോൾ സംസ്ഥാനത്തെ കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് റൂറൽ, വയനാട് എന്നീ ജില്ലകൾ ഒഴിച്ചുള്ള എല്ലാ പോലീസ് ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ സംസ്ഥാനത്തെ 7 പോലീസ് സ്റ്റേഷനുകളിൽക്കൂടി [(1)തിരുവനന്തപുരം റൂറൽ ജില്ലയിലെ വലിയമല പോലീസ് സ്റ്റേഷൻ, 2) പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് പോലീസ് സ്റ്റേഷൻ, 3)കൊച്ചി സിറ്റിയിലെ ഇൻഫോപാർക്ക് പോലീസ് സ്റ്റേഷൻ, 4)

ഇടുക്കി ജില്ലയിലെ കുളമാവ് പോലീസ് സ്റ്റേഷൻ, 5) പാലക്കാട് ജില്ലിലെ ആലത്തൂർ പോലീസ് സ്റ്റേഷൻ, 6) കോഴിക്കോട് സിറ്റിയിലെ ചെമ്മങ്ങാട് പോലീസ് സ്റ്റേഷൻ, 7) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ പോലീസ് സ്റ്റേഷൻ] വനിതാ സബ് ഇൻസ്പെക്ടർമാർക്ക് ചുമതല നൽകി നിയോഗിച്ചിട്ടുണ്ട്.

പോലീസിലെ വനിതാ പ്രാതിനിധ്യം ആദ്യഘട്ടത്തിൽ 10 ശതമാനമായും തുടർന്ന് 25 ശതമാനമായും വർദ്ധിപ്പിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും അതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി പുതിയ വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഒരു വനിതാ കമാൻഡോ പ്ലാറ്റൂണിന്റെ പരിശീലനവും പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 451 പുതിയ തസ്തികകൾ സൃഷ്ടിച്ചു. വനിതാ ബറ്റാലിയന്റെ ആസ്ഥാനമായി തിരുവനന്തപുരത്ത് മേനംകുളത്ത് 10 ഏക്കർ സ്ഥലം സർക്കാർ നൽകിയിട്ടുള്ളതും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.

**സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള പരിശീലനം**

സൈബർ ലോകത്തെ ചതിക്കുഴികളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം വളർത്തുന്നതിനായി സ്കൂൾ-കോളേജുകളിൽ എസ്.പി.സി., എൻ.എസ്.എസ്., എൻ.സി.സി. അദ്ധ്യാപക രക്ഷാകർത്തൃസമിതി എന്നിവരുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. സൈബർ ആക്രമണങ്ങളെ പ്രതിരോധിക്കാനായി വിദ്യാലയങ്ങളിൽ ടച്ച് സ്ക്രീൻ കിയോസ്കുകൾ എത്തിച്ച് ബോധവൽക്കരണം നടത്തുന്നു. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി പൊതുജനങ്ങൾക്ക് നിരവധി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. സ്ത്രീകൾക്കുവേണ്ടി സ്ത്രീശക്തി, കുടുംബശ്രീ, നിർഭയ തുടങ്ങിയ സ്ത്രീകൂട്ടായ്മകളിൽ സൈബർ കുറ്റകൃത്യങ്ങളിൽപ്പെടാതിരിക്കുന്നതിനും, ശരിയായ രീതിയിൽ ഇന്റെർനെറ്റ്, ഇ-മെയിൽ, മൊബൈൽ തുടങ്ങിയവ ഉപയോഗിക്കു ന്നതിനെപ്പറ്റിയും ക്ലാസ്സുകൾ നൽകിവരുന്നു. കൂടാതെ കേരളാ പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്ററി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്,

Know Your Jurisdiction തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്ന തിനുള്ള പരിശീലനവും നൽകി വരുന്നു.

**സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്**

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി 145 സർക്കാർ സ്കൂളുകളിൽ എസ്.പി.സി യൂണിറ്റുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതിൽ 120 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുകയും 25 സ്കൂളുകളിൽ പദ്ധതി നടപ്പി ലാക്കുന്നതിനുളള നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു

**ലോ ആന്റ് ഓർഡറും ക്രൈം ഇൻവെസ്റ്റിഗേഷനും വേർതിരിക്കുന്നു**

കേസന്വേഷണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. നിലവിൽ 7 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർ എസ്.എച്ച്.ഒ. മാരായി പ്രവർത്തിച്ചു വരുന്നവരുൾപ്പെടെ ആകെ 203 പോലീസ് സ്റ്റേഷനുകളിൽ ഇത് നടപ്പാക്കി യിട്ടുണ്ട്. തുടർന്ന് 268 പോലീസ് സ്റ്റേഷനുകളിൽ കൂടി ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒമാരായി നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്.

**ജനമൈത്രി പോലീസ്**

ജനമൈത്രി സുരക്ഷാ പദ്ധതി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. റെസിഡൻസ് അസോസി യേഷനു കളുടെ പിന്തുണയോടെ ജനമൈത്രി സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കി യിട്ടുണ്ട്.

**ട്രാഫിക് പരിഷ്കരണം**

സംസ്ഥാനത്തെ ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ നടത്തി വന്നിരുന്ന ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ബന്ധപ്പെട്ട പരിധിയിലുള്ള ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റി, ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്തിട്ടുണ്ട്. ഇതുമൂലം ട്രാഫിക്

നിയന്ത്രണം ശക്തമാക്കുവാൻ കഴിയുകയും അതുവഴി അപകടങ്ങളുടെ എണ്ണം കുറയ്ക്കുവാനും ഗതാഗതക്കുരുക്ക് ലഘൂകരിക്കുവാനും സാധിച്ചിട്ടുണ്ട്.

**സംസ്ഥാന വ്യവസായ സംരക്ഷണ സേന**

വ്യവസായ സംരക്ഷണ സേനയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള അംഗസംഖ്യ ഇരട്ടിയിലധികമായി വർദ്ധിപ്പിച്ചു. 483 തസ്തിക ഉണ്ടായിരുന്ന സ്ഥാനത്ത് പുതുതായി സൃഷ്ടിച്ചത് 499 തസ്തികകളാണ്.

**കൊച്ചി മെട്രോ പോലീസ് സ്റ്റേഷൻ**

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ പ്രവർത്തന പരിധിയിൽ വരുന്ന സ്റ്റേഷനുകളിലെ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനും കൈകാര്യം ചെയ്യുന്നതിനായി കൊച്ചി മെട്രോ പോലീസ് സ്റ്റേഷൻ ആരംഭിച്ചു.

**പുതിയ പോലീസ് സ്റ്റേഷനുകൾ**

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 13 പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് പ്രഖ്യാപനം നടത്തുകയുണ്ടായി. അവയിൽ 6 എണ്ണം പ്രവർത്തനം ആരംഭിച്ചു. 4 പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**സൈബർ ക്രൈം പോലീസ് സ്റ്റേഷൻ**

നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന സൈബർ ക്രൈം പോലീസ് സ്റ്റേഷന് പുറമെ സംസ്ഥാനത്തെ സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**ക്രൈംബ്രാഞ്ച് പുനഃക്രമീകരണവും പേര് മാറ്റവും**

സംസ്ഥാന ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പ്രധാന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- സംസ്ഥാന ക്രൈംബ്രാഞ്ചിൽ എല്ലാ ജില്ലകളിലും നിലവിൽ പോലീസ് സൂപ്രണ്ടുമാർ ഇല്ലാത്തതിനാൽ, കാസർഗോഡ്, വയനാട്, പത്തനംതിട്ട എന്നിവ ഒഴികെയുള്ള എല്ലാ ജില്ലകളിലും പോലീസ് സൂപ്രണ്ടുമാരെ വിന്യസിക്കാൻ ഉത്തരവായിട്ടുണ്ട്.
- തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന 3 സെൻട്രൽ സൂപ്പർവൈസറി ഓഫീസുകൾ, റെയ്ഞ്ച് ഐ.ജി. ഓഫീസുകളായി പുനർനാമകരണം ചെയ്ത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുവാൻ ഉത്തരവായിട്ടുണ്ട്.
- സങ്കീർണ്ണവും കോളിളക്കം സൃഷ്ടിക്കുന്നതുമായ അന്തർജില്ലാ അന്തർസംസ്ഥാന വ്യാപകമായ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു നൂതന നിർദ്ദേശമെന്ന നിലയിൽ ക്രൈംബ്രാഞ്ചിൽ, പോലീസ് സൂപ്രണ്ട് റാങ്കിലുള്ള ഉദ്യോഗസ്ഥൻ തലവനായിവരുന്ന 4 സെൻട്രൽ യൂണിറ്റുകൾ (തിരുവനന്തപുരം ആസ്ഥാനമായി 2 ഉം, എറണാകുളം, കോഴിക്കോട് ജില്ലകൾ ആസ്ഥാനമായി 1 വീതവും) ആരംഭിക്കുവാൻ ഉത്തരവായിട്ടുണ്ട്.

**പുതിയ തസ്തികകൾ**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിൽ 2691 സ്ഥിരം തസ്തികകളും 240 താൽക്കാലിക തസ്തികകളും സൃഷ്ടിച്ചു. ഇതിനുപുറമെ 1873 താൽക്കാലിക തസ്തികകൾക്ക് തുടർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**തസ്തികകളില്ലാതെ ആരംഭിച്ച പോലീസ് സ്റ്റേഷനുകൾക്ക് പുതിയ തസ്തിക**

മുൻ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ച (എറണാകുളം റൂറൽ), ചെറുപുഴ (കണ്ണൂർ), തങ്കമണി (ഇടുക്കി), മുട്ടം (ഇടുക്കി), മലയാലപ്പുഴ (പത്തനംതിട്ട), മാഞ്ഞൂർ (കോട്ടയം), വളവുപച്ച/ചിതറ (കൊല്ലം റൂറൽ) എന്നീ

7 പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 49 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും പുനർവിന്യാസം വഴി 125 തസ്തികകൾ കണ്ടെത്തി നൽകുകയും ചെയ്തിട്ടുണ്ട്.

**ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കോസ്റ്റൽ പോലീസിൽ നിയമനം**

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കോസ്റ്റൽ പോലീസിൽ 200 പേർക്ക് നിയമനം നൽകാൻ വേണ്ട നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**ബോംബ് നിർവ്വീര്യമാക്കുന്ന ഉപകരണങ്ങൾ**

ജീവാപായം കൂടാതെ സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യാനും നിർവീര്യമാക്കാനും ഉതകുന്ന Robotic Mobile Explosive Cutter Vehicle എന്ന ഉപകരണം 1.44 കോടി രൂപയ്ക്ക് വാങ്ങുകയുണ്ടായി. കൂടാതെ സഞ്ചരിക്കുന്ന ബാഗേജ് സ്കാനർ, ആകാശ നിരീക്ഷണത്തിനുള്ള UAV, BDDS ടീമിന് ആവശ്യമായ Bomb Suit, Explosive Detector തുടങ്ങിയവയും വാങ്ങുകയുണ്ടായി.

***ഫോറൻസിക് സയൻസ് ലബോറട്ടറി (FSL)***

1. *59 വിവിധ തസ്തികകൾ ഫോറൻസിക് സയൻസ് ലാബുകൾക്കായി അനുവദിച്ചിട്ടുണ്ട്.*

**District Mobile Forensic Lab**

| | |
|---|---|
| SO (Chemistry) | 15 |
| SO (Physics) | 15 |
| SO (Biology) | 14 |
| **Total** | **44** |

## Hi-Tech Forensic Science Lab, Thrissur

| | |
|---|---|
| AD (DNA) | 1 |
| AD (Documents) | 1 |
| AD (Physics) | 1 |
| AD (Chemistry) | 1 |
| SO (Documents) | 2 |
| SO (Chemistry) | 2 |
| SO (Biology) | 2 |
| Clerk | 1 |
| LD Typist | 1 |
| Attender | 3 |
| **Total** | **15** |

**സ്റ്റേറ്റ് ഓഫ് ദി ആർട്ട് ഫോറൻസിക് സയൻസ് ലബോറട്ടറി, കൊച്ചി**

19/5/2017 തീയതിയിലെ സ.ഉ.(കൈ) നം.102/2017/ആഭ്യ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കൊച്ചി റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയെ സ്റ്റേറ്റ് ഓഫ് ദി ആർട്ട് ഫോറൻസിക് സയൻസ് ലബോറട്ടറി യായി ഉയർത്തുന്നതിനായി 11 വിവിധ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

AD (Biology, Chemistry, Documents, Physics) - 4
SO (Documents, Physics - 2
Technical Attender - 2
Clerk - 1
L.D.Typist -1
Office Attendant -1

## NABL Accreditation

ഫോറൻസിക് സയൻസ് ലാബുകൾ അന്താരാഷ്ട്ര നിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായി National Accreditation Board of Testing and

Calibration Laboratories (NABL) നിന്നും അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം**

തീവ്രവാദം അടക്കമുള്ള ഭീകര പ്രവർത്തനങ്ങൾ നേരിടുന്നതിന്റെ ഭാഗമായി, തീരദേശ സംരക്ഷണം രാജ്യസുരക്ഷയ്ക്ക് അത്യന്താപേക്ഷിതമായതിനാൽ 8 കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾക്കുമായി കുമ്പള (കാസർഗോഡ്), തൃക്കരിപ്പൂർ (കാസർഗോഡ്), തലശ്ശേരി (കണ്ണൂർ), മുനക്കക്കടവ് (തൃശ്ശൂർ), അർത്തുങ്കൽ (ആലപ്പുഴ), പൊന്നാനി (മലപ്പുറം), വടകര (കോഴിക്കോട് റൂറൽ), പൂവാർ (തിരുവനന്തപുരം റൂറൽ) എന്നിവിടങ്ങളിലായി 232 തസ്തികകൾ അനുവദിച്ചു. അഞ്ചുതെങ്ങ് (തിരുവനന്തപുരം റൂറൽ), ഏലത്തൂർ (കോഴിക്കോട് സിറ്റി), കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾക്കായി 38 തസ്തികകളും അനുവദിച്ചിട്ടുണ്ട്.

**സ്പെഷ്യൽ ട്രൈബൽ റിക്രൂട്ട്മെന്റ്**

വടക്കൻ കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി, 75 തസ്തികകളിലേയ്ക്ക് ട്രൈബൽ വിഭാഗത്തിൽ നിന്നും പോലീസ് സേനയിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്.

**30 കമാൻഡോ തസ്തിക വീതം 7 ബറ്റാലിയനിലും അനുവദിച്ചത്**

കേരളാ പോലീസിന്റെ നിലവിലുള്ള 7 സായുധ സേനാ ബറ്റാലിയനുകളിലും 30 പേരടങ്ങുന്ന ഓരോ പ്ലറ്റൂൺ കമാൻഡോകളെ വിന്യസിക്കത്തക്ക വിധം ഐ.ആർ. ബറ്റാലിയന്റെ കമാൻഡോ വിഭാഗത്തിൽ 210 കമാൻഡോ തസ്തികകൾ സൃഷ്ടിച്ച് പ്രസ്തുത തസ്തികകളിൽ ഐ.ആർ.ബറ്റാലിയൻ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടുണ്ട്.

**കൺട്രോൾ റൂമുകൾ**

വടകര പോലീസ് കൺട്രോൾ റൂമിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി വിവിധ വിഭാഗങ്ങളിലായി 50 പോലീസ് ഉദ്യോഗസ്ഥരുടെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, മലപ്പുറം ജില്ലയിലെ താനൂർ എന്നിവിടങ്ങളിൽ പുതിയ കൺട്രോൾ റൂമുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഈ കൺട്രോൾ റൂമുകൾക്കായി, വിവിധ വിഭാഗങ്ങളിലായി 40 തസ്തികകൾ വീതം ആകെ 80 (40x2) തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

**കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി**

രാജ്യത്ത് ഏറ്റവും കൂടുതൽ സാമ്പിൾ പരിശോധന നടത്തുന്ന ലാബുകളിലൊന്നായ തിരുവനന്തപുരം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിക്ക് അന്താരാഷ്ട്ര മാനദണ്ഡങ്ങളനുസരിച്ച് മികവ് പുലർത്തിയതിനുള്ള NABL അംഗീകാരം ലഭ്യമായി.

## 2. ജയിൽ വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിൽ പരിഷ്കരണത്തെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ.അലക്സാണ്ടർ ജേക്കബ്, ഐ.പി.എസ്. (റിട്ട.ഡിജിപി) ചെയർമാനായ ഏകാംഗ കമ്മീഷനെ നിയമിക്കുകയും കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ താഴെപ്പറയുന്ന ശിപാർശകൾ നടപ്പിലാക്കി.

1. ജയിലിലെ കലാവാസനയുള്ള തടവുകാരെ ഉൾപ്പെടുത്തി സിനിമ, ഡോക്യുമെന്ററി, ഹ്രസ്വ ചിത്രം, Jail In House Magazine എന്നിവ നിർമ്മിക്കുകയും വിവിധ മേളകളിൽ ഇവ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

2. സെൻട്രൽ ജയിലുകളിൽ തടവുകാരെ സന്ദർശിക്കുവാൻ വരുന്നവർക്കാവശ്യമായ സേവനം നൽകുവാൻ തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ ഹെൽപ്പ് ഡെസ്ക് ആരംഭിച്ചിട്ടുണ്ട്.

3. നെട്ടുകാൽത്തേരി തുറന്ന ജയിലിൽ കൃഷി വകുപ്പിന്റെ ധനസഹായത്തോടെ പച്ചക്കറി കൃഷി യൂണിറ്റ് ആരംഭിച്ചു കഴിഞ്ഞു.

4. കണ്ണൂർ സെൻട്രൽ പ്രിസണിൽ കാട ഫാം ആരംഭിച്ചിട്ടുണ്ട്. നെട്ടുകാൽത്തേരി തുറന്ന ജയിലിൽ താറാവ് ഫാമും പ്രവർത്തിച്ചു വരുന്നു

5. ജയിൽ വകുപ്പിൽ ഇന്റേണൽ വിജിലൻസ് സംവിധാനം ഏർപ്പെടുത്തി.

6. പൊതുജനങ്ങൾക്ക് ജയിലുകളെ കൂടുതൽ മനസ്സിലാക്കുന്നതിനും, സ്വീകാര്യത ഉണ്ടാക്കുന്നതിനും വിയ്യൂർ സെൻട്രൽ ജയിൽ കോമ്പൗണ്ടിൽ ജയിൽ മ്യൂസിയം സ്ഥാപിക്കുന്നതിന് 6.10 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിന് 2018-19 ലെ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടി രൂപ ആദ്യഘട്ട പ്രവൃത്തികൾക്കായി അനുവദിച്ചിട്ടുണ്ട്.

ശിക്ഷാകാലയളവിന് ശേഷം പരാശ്രയം ഇല്ലാതെ സമൂഹത്തിൽ ജീവിക്കുന്നതിനും മെച്ചപ്പെട്ട ധനസമ്പാദനത്തിനും ഉതകുന്ന വിധത്തിൽ സംസ്ഥാനത്തെ വിവിധ ജയിലുകളിൽ തടവുകാർക്ക് വിവിധ പുതിയ തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

കേരളത്തിലെ വിവിധ ജയിലുകൾ തടവുകാർ ഉത്പാദിപ്പിക്കുന്ന ജൈവ പച്ചക്കറികൾ പൊതുജനങ്ങൾക്ക് ന്യായ വിലയിൽ ലഭ്യമാക്കുന്നതിന് ജയിലുകളോടനുബന്ധിച്ച് വിപണന കേന്ദ്രങ്ങൾ ആരംഭിച്ചു. ഇതുപോലെ ഭക്ഷ്യ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുകയും എറണാകുളം, കൊല്ലം, കോഴിക്കോട് തുടങ്ങിയ ജില്ലാ ജയിലുകളിൽ ഫുഡ് കൗണ്ടറുകൾ സ്ഥാപിക്കുകയും ചെയ്തു. ഈ അടുത്തകാലത്ത് തിരുവനന്തപുരം കെ.എസ്.ആർ.ടി.സി ബസ് ടെർമിനലിൽ ഒരു ഫ്രീഡം കഫറ്റേരിയ ആരംഭിക്കുകയും ചെയ്തു.

വട്ടിയൂർക്കാവ് പോളിടെക്നിക് മുഖേന ജയിൽ അന്തേവാസികൾക്ക് വിവിധ ട്രേഡുകളിൽ പരിശീലനം നൽകി സർട്ടിഫിക്കറ്റ് വിതരണം നടത്തുകയുണ്ടായി. നിരക്ഷരരായ തടവുകാരെ കണ്ടെത്തി സാക്ഷരരാക്കുന്നതിനായി "ജയിൽ ജ്യോതി" എന്ന പേരിൽ പദ്ധതി നടപ്പിലാക്കി. കൂടാതെ തുടർപഠനത്തിനും ഉന്നത പഠനത്തിനും താല്പര്യമുള്ള സാക്ഷരരായ തടവുകാർക്ക് ഇതിനുവേണ്ട സൗകര്യങ്ങൾ നൽകി വരുന്നു.

## 3. ഫയർ & റസ്ക്യൂ സർവ്വീസസ്

2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 5 ഫയർസ്റ്റേഷനുകളിൽ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, ആലപ്പുഴ ജില്ലയിലെ അരൂർ, തൃശ്ശൂർ ജില്ലയിൽ നാട്ടിക എന്നിവിടങ്ങളിൽ 23 വീതം തസ്തികകളോടു കൂടി പുതിയ ഒരു ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുക്കം, ഏലൂർ, കണ്ണൂർ, കടയ്ക്കൽ എന്നീ സ്റ്റേഷനുകൾക്കുവേണ്ടി പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു.

കേരള ഫയർ & റസ്ക്യൂ സർവ്വീസസ് അക്കാദമി, വിയ്യൂരിൽ പുതുതായി 22 തസ്തികൾ സൃഷ്ടിക്കുകയും ടി തസ്തികകളിൽ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ആസ്ഥാനമാക്കി 8 തസ്തികകൾ അനുവദിച്ചുകൊണ്ട് ഒരു പുതിയ ഡിവിഷണൽ ഓഫീസ് രൂപീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആസ്ഥാന കാര്യാലയത്തിൽ ഒരു ഫിനാൻസ് ഓഫീസർ, ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ അനുവദിച്ചു.

പൊതുജനങ്ങൾക്ക് അഗ്നിശമന പ്രവർത്തനങ്ങളിലും, രക്ഷാപ്രവർത്തനങ്ങളിലും പരിശീലനം നൽകുന്നതിനും, വകുപ്പിന്റെ അഗ്നിശമനരക്ഷാ പ്രവർത്തനങ്ങളിൽ സേവന സന്നദ്ധതയുള്ള പൊതുജനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിലേക്കായി 123 അഗ്നിരക്ഷാ നിലയങ്ങളുടെ കീഴിൽ ഓരോ പഞ്ചായത്ത്/മുൻസിപ്പാലിറ്റി തലത്തിൽനിന്ന് ഏറ്റവും കുറഞ്ഞത് 30 പേരെ വീതം കമ്മ്യൂണിറ്റി റെസ്ക്യൂ വോളന്റീയർമാരായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇവർക്ക് പരിശീലനം നൽകി വരുന്നു.

കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ സംസ്ഥാന ദുരന്തനിവാരണ സേനയും, കേരള അഗ്നിരക്ഷാ സേവന വകുപ്പിൽ നിലവിൽ നടപ്പിലാക്കിയിട്ടുള്ള കമ്മ്യൂണിറ്റി വാളന്റിയർ സ്കീമുമായി സംയോജിച്ച് ആപതാമിത്രാ പദ്ധതി രൂപീകരിക്കുകയും 200 വോളന്റിയർമാരെ തെരെഞ്ഞെടുക്കുകയും ചെയ്തു. കേരള ഫയർ സർവ്വീസിൽ ആദ്യമായി 100 ഫയർ വുമൺ തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.

* * *